**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199** **23-02-2026 - ൽ മറുപടിയ്ക്ക്**

**ഇന്ത്യ-അമേരിക്ക വ്യാപാര കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഇന്ത്യ-അമേരിക്ക വ്യാപാര കരാർ സംസ്ഥാനത്തെ കയറ്റുമതി രംഗത്ത് ഉളവാക്കിയിട്ടുള്ള സവിശേഷ സാഹചര്യം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഇന്ത്യ–അമേരിക്ക വ്യാപാര കരാർ സംസ്ഥാനത്തെ കയറ്റുമതി മേഖലയിലുണ്ടാക്കിയേക്കാവുന്ന സ്വാധീനങ്ങളെക്കുറിച്ച് സർക്കാർ പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച വ്യാപാര നയ രേഖകൾ, പൊതുമണ്ഡലത്തിൽ ലഭ്യമായ കരാർ സംബന്ധിയായ വിവരങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഈ വിലയിരുത്തൽ. അമേരിക്ക ഇന്ത്യയുടെ ഏറ്റവും വലിയ കയറ്റുമതി രാജ്യങ്ങളിൽ ഒന്നായതിനാൽ, കേരളത്തിൽ നിന്നുള്ള കടൽഉൽപ്പന്നങ്ങൾ, മസാലകൾ, റബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ, കയർ–കൈത്തറി ഉൽപ്പന്നങ്ങൾ, ഐ.ടി./ ഐ.ടി.ഇ.എസ് സേവനങ്ങൾ തുടങ്ങിയ മേഖലകളിൽ വിപണി പ്രവേശനം കൂടുതൽ സുഗമമാകാനും കയറ്റുമതി മൂല്യം വർധിക്കാനും സാധ്യതയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അതേസമയം, അമേരിക്കൻ വിപണിയിൽ നിലവിലുള്ള കർശനമായ ഗുണനിലവാര മാനദണ്ഡങ്ങൾ, സാങ്കേതിക തടസ്സങ്ങൾ എന്നിവ പാലിക്കുന്നതിനുള്ള ചെലവുകൾ വർധിക്കുന്ന സാഹചര്യം ചെറുകിട കയറ്റുമതിക്കാർക്ക് വെല്ലുവിളിയായി മാറാനിടയുണ്ടെന്നും വിലയിരുത്തുന്നു.<br><br>സാധാരണ കർഷകർക്കും കേരളം പോലുള്ള സംസ്ഥാനങ്ങൾക്കും ഈ വ്യാപാര കരാർ വലിയ സാമ്പത്തിക വെല്ലുവിളികൾ സൃഷ്ടിക്കുവാനുള്ള സാധ്യതയുണ്ട്.<br><br>നിലവിൽ ഇന്ത്യയും അമേരിക്കയും തമ്മിൽ നിയമപരമായി പ്രാബല്യത്തിൽ വന്ന സമ്പൂർണ്ണ വ്യാപാര കരാർ നടപ്പാക്കിയിട്ടില്ല. ഇരു രാജ്യങ്ങളും |

| | | | |
|---|---|---|---|
| | | | വ്യാപാര സഹകരണം ശക്തിപ്പെടുത്തുന്നതിനായി ഒരു ഇടക്കാല വ്യാപാര ഫ്രെയിംവർക്ക് / രൂപരേഖയിൽ തത്വത്തിൽ ധാരണയിലെത്തിയിട്ടുണ്ടെങ്കിലും, അതിന്റെ അന്തിമ നിയമപരമായ രേഖകൾ ഒപ്പുവെക്കുകയും ഔദ്യോഗികമായി നടപ്പിലാക്കുകയും ചെയ്തിട്ടില്ല. അതിനാൽ, കരാറിന്റെ ഭാഗമായി വ്യാപാര വ്യവസ്ഥകളിൽ ഉണ്ടാകാവുന്ന മാറ്റങ്ങൾ മുൻകൂട്ടി കണക്കാക്കാനാവില്ല. |
| (ബി) | കരാറിന്റെ ഫലമായി അമേരിക്കയിൽ നിന്നും ഇന്ത്യയിലേക്ക് യാതൊരു നിയന്ത്രണവുമില്ലാതെ ഇറക്കുമതി വിഭവങ്ങൾ വിപണിയിലെത്തുന്നത് സംസ്ഥാനത്തുനിന്നുള്ള സംരംഭങ്ങളെ ഏതുരീതിയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | അമേരിക്കയിൽ നിന്നുള്ള കാർഷിക ഉൽപ്പന്നങ്ങൾ നിയന്ത്രണമില്ലാതെ വിപണിയിലെത്തുന്നത് കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്. അമേരിക്കൻ വിഭവങ്ങളുടെ കടന്നുവരവ് കേരളത്തിന്റെ തനത് കാർഷിക-വ്യവസായ മേഖലയ്ക്ക് വെല്ലുവിളിയാകുവാനുള്ള സാധ്യതയുണ്ട്. |
| (സി) | കരാറുമായി ബന്ധപ്പെട്ട് പൊതുമണ്ഡലത്തിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യത്ത് പൊതുവായും കേരളത്തിൽ പ്രത്യേകിച്ചും വ്യാപാര രംഗത്ത് വളർച്ചാ മാന്ദ്യം നേരിടുമെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ; | (സി) | ഉണ്ട്, മുമ്പ് കുറഞ്ഞ നികുതിയിൽ കയറ്റുമതി ചെയ്തിരുന്ന കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന നികുതി നൽകേണ്ടി വരുന്നത് തിരിച്ചടിയാകുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. സാധാരണ കർഷകർക്കും കേരളം പോലുള്ള സംസ്ഥാനങ്ങൾക്കും ഈ വ്യാപാര കരാർ വലിയ സാമ്പത്തിക വെല്ലുവിളികൾ സൃഷ്ടിക്കുവാനുള്ള സാധ്യതയുണ്ട്. അമേരിക്കയിൽ നിന്നുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം കേരളത്തിലെ കർഷകരുടെ വരുമാനത്തെ ബാധിച്ചേക്കാമെന്ന് ആശങ്കയുമുണ്ട്.<br><br>വിലകുറഞ്ഞ ഇറക്കുമതി ഉൽപ്പന്നങ്ങൾ വിപണിയിൽ വർധിക്കുന്നതോടെ, കേരളത്തിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസംസ്കരണം, കൃഷി അധിഷ്ഠിത വ്യവസായങ്ങൾ, ചില വ്യവസായ ഇൻപുട്ടുകൾ നിർമ്മിക്കുന്ന യൂണിറ്റുകൾ എന്നിവയ്ക്ക് വിപണി മത്സരത്തിൽ ലാഭക്കുറവ് അനുഭവപ്പെടാൻ സാധ്യതയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, വലിയ ഉൽപ്പാദനശേഷിയും സബ്സിഡി പിന്തുണയും ഉള്ള അമേരിക്കൻ ഉൽപ്പന്നങ്ങളുമായി നേരിട്ടുള്ള മത്സരത്തിൽ ചില മേഖലകൾ താൽക്കാലികമായി പിന്നോക്കം പോകാനിടയുണ്ടെന്നും വിലയിരുത്തുന്നു. എന്നിരുന്നാലും, പ്രാദേശിക വിപണി അറിവ്, ചെറുതായെങ്കിലും വൈവിധ്യമാർന്ന ഉൽപ്പാദനം, ലോജിസ്റ്റിക് നേട്ടങ്ങൾ, പ്രത്യേക നിഷ് മാർക്കറ്റുകൾ എന്നിവ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ സംരംഭങ്ങൾക്ക് ഈ മത്സരാവസ്ഥയെ പ്രതിരോധിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |
| (ഡി) | മേൽപ്പറഞ്ഞ വിഷയവുമായി ബന്ധപ്പെട്ട് സംരംഭകർക്കുണ്ടാകുന്ന പ്രശ്നങ്ങൾ | (ഡി) | ഇതര രാജ്യങ്ങളിലേക്കുള്ള കയറ്റുമതി വൈവിധ്യവൽക്കരണവും, പുതിയ വ്യാപാര |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | സാധ്യതകൾ പ്രോത്സാഹിപ്പിക്കുക. റിവേഴ്സ് ബയർ സെല്ലർ (RBSM)പോലുള്ള മീറ്റിങ്ങുകൾ സംഘടിപ്പിക്കുക, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് (MSMEs) അന്താരാഷ്ട്ര ഗുണനിലവാര മാനദണ്ഡങ്ങൾ കൈവരിക്കാൻ സഹായിക്കുന്ന പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക, മുതലായ പ്രവർത്തനങ്ങളിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നതാണ്.<br><br>ചില വിദഗ്ധ വിലയിരുത്തലുകൾ പ്രകാരം, ഇറക്കുമതി വർധന മൂലം ആഭ്യന്തര വ്യവസായങ്ങൾക്ക് ചുരുങ്ങിയ കാലയളവിൽ സമ്മർദ്ദം അനുഭവപ്പെടാനിടയുണ്ട്. എന്നാൽ, ലഭ്യമായ ഡാറ്റയും മുൻകാല വ്യാപാര കരാർ അനുഭവങ്ങളും സൂചിപ്പിക്കുന്നത്, ഇത്തരം കരാറുകളുടെ യഥാർത്ഥ പ്രതിഫലനം വിവിധ മേഖലകളിൽ വ്യത്യാസപ്പെട്ടതായിരിക്കുമെന്നും, മധ്യ–ദീർഘകാലത്ത് കയറ്റുമതി വൈവിധ്യവൽക്കരണവും ഉൽപ്പാദനക്ഷമത വർധനയും വഴിയായി സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകാനും കഴിയുമെന്നുമാണ്. കേരളത്തിന്റെ സാഹചര്യത്തിൽ, കയറ്റുമതിയുടെ വലിയൊരു പങ്ക് സേവന മേഖലയിലും മൂല്യവർധിത ഉൽപ്പന്നങ്ങളിലുമാണ് കേന്ദ്രീകരിച്ചിരിക്കുന്നത് എന്നതിനാൽ, സംസ്ഥാനതലത്തിൽ സമഗ്രമായ വ്യാപാര മാന്ദ്യം ഉണ്ടാകാനുള്ള സാധ്യത പരിമിതമാണെന്നതാണ് വിലയിരുത്തൽ.<br><br>സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി സംരംഭകർക്ക് സ്ഥാപനതല നയ പിന്തുണയും ഉറപ്പാക്കുന്നതിലൂടെ, വ്യാപാര കരാറുമായി ബന്ധപ്പെട്ട വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിനുള്ള നടപടികൾ കരാർ നടപ്പിലാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.<br><br>ഈ വിഷയം ചർച്ച ചെയ്യുന്നതിനായി കയറ്റുമതിക്കാരുടെ യോഗം ചേരുകയും യൂണിയൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ